സാഹിത്യവാരഫലം

1988/09/18 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1988/09/18-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഉത്കൃഷ്ടതമമായ കാവ്യഭാഷണത്താലാണ് കവികൾ മഹനീയതയുള്ളവരായി അംഗീകരിക്കപ്പെടുന്നത്. അത് ഷെയ്ക്സ്പിയറിനുള്ളതുപോലെ വാല്മീകിക്കും ഹോമറിനുംപോലും ഇല്ലെന്ന് അരവിന്ദഘോഷ് പലതവണ പറഞ്ഞിട്ടുണ്ട്.

നാഗപ്പൂരിൽനിന്ന ദുർഗ്ഗിലേക്ക്—വീതി ഒട്ടുമില്ലാത്ത പാത. രണ്ടുവശങ്ങളിലും കൊടുങ്കാടുകൾ. ഇടയ്ക്കിടയ്ക്ക നീർച്ചാട്ടങ്ങൾ. കാട്ടിൽനിന്ന ഫൂലാൻദേവിയും കൂട്ടുകാരും ചാടിവന്ന തോക്ക ചൂണ്ടി കൈയിലുള്ളതെല്ലാം അപഹരിക്കുമെന്നും അതിന ശേഷം കൊന്നുകളയുമെന്നും പേടിച്ച സ്വല്പനേരം. ആ ഭയത്തിന ഹേതുവുണ്ടായിരുന്നു. ഒരാഴ്ചയ്ക്കുമുൻപ് നാഗപ്പൂരിൽനിന്ന ദുർഗ്ഗിലേക്കു തിരിച്ച ഒരു ലോറിയുടെ ഡ്രൈവറെ വെടിവച്ചു കൊന്ന് വഴിയിലിട്ടിട്ട കൊള്ളക്കാർ പൊയ്ക്കളഞ്ഞുവെന്നും അതുകൊണ്ട് ആപത്തുള്ള യാത്രയാണ് ഞങ്ങളുടേതെന്നും ചിലർ അറിയിച്ചിരുന്നു. എങ്കിലും ഈ പേടി താൽക്കാലികമായിരുന്നു. കാരണം വനഭംഗിയിൽ മതിമറന്നുപോയ ഞങ്ങളിൽനിന്ന ഭയമെന്ന വികാരം പെട്ടെന്ന മാറിപ്പോയി എന്നതാണ്. കാടിന്റെ രാമണീയകം മാത്രമല്ല ഞങ്ങളെ ആഹ്ലാദിപ്പിച്ചത്. ഇരുവശങ്ങളിൽ നിന്ന കരങ്ങുകൾ പാതയിലേക്ക് ഓടിവന്ന നടുക്ക് നിലയുറപ്പിക്കും. കാറ് അടുത്തുവന്നാലും അവ മാറില്ല. അങ്ങനെ കാറ് നിറുത്തുമ്പോഴാണ് ഞങ്ങൾ യാത്രചെയ്യുന്നത് ഒരു യന്ത്രത്തിലായിരുന്നുവെന്ന തോന്നലുണ്ടായത്. അതുവരെ കാറില്ല, ഡ്രൈവറില്ല, റോഡില്ല—കാടുകളേയുള്ളൂ, അവയുടെ ഭംഗിയേയുള്ളൂ.

മാറാഡോണ

രണ്ടുകൊല്ലംമുൻപ് ഞാനും കൂട്ടുകാരും ഫുട്ബോൾ കളി ടെലിവിഷനിൽ കാണുകയായിരുന്നു. മാറാഡോണ എന്ന വിശ്വവിഖ്യാതനായ കളിക്കാരൻ പന്തുകൊണ്ടു മുന്നേറുമ്പോൾ കളിനടന്ന സ്ഥലത്തെ പ്രേക്ഷകർ മാത്രമല്ല, എന്റെ തൊട്ടടുത്തിരുന്ന കൂട്ടുകാർപോലും കൈയടിക്കുന്നുണ്ടായിരുന്നു. റഫറി മഞ്ഞക്കാർഡ് എടുത്ത് മാറാഡോനയെ കാണിച്ചപ്പോൾ 'ഇവനാര കാർഡ് കാണിക്കാൻ?' എന്ന് എന്റെ സുഹൃത്ത് ദേഷ്യത്തോടെ ചോദിച്ചു. അങ്ങനെ പലവിധത്തിലുള്ള വികാരങ്ങളോടുകൂടി പന്തുകളി കണ്ടുകൊണ്ടിരുന്നപ്പോൾ ഒരു ശബ്ദത്തോടെ ടെലിവിഷൻ നിന്നു. "തടസ്സം നേരിട്ടതിൽ ഖേദിക്കുന്നു" എന്ന് എഴുതിക്കാണിച്ചപ്പോഴാണ് ടെലിവിഷൻ സെറ്റിനെക്കുറിച്ച് ഓർമ്മയുണ്ടായത്. അതുവരെ സെറ്റില്ല. മാറാദോനയെയുള്ളൂ. അദ്ദേഹത്തിന്റെ കാലിൽക്കിടന്ന കളിക്കുന്ന പന്തേയുള്ളൂ. കൂടെ കളിക്കുന്നവരും എതിർത്തു കളിക്കുന്നവരും മാത്രമേയുള്ളൂ. ടെലിവിഷൻ സെറ്റ് എന്ന ഉപകരണത്തെക്കുറിച്ച് വിചാരിക്കാനിടയായത് അതു പ്രവർത്തിക്കാതെയായപ്പോഴാണ്.

വിദഗ്ധകളായ നർത്തകികൾ നൃത്തം ചെയ്യുന്നതു സെറ്റിൽ കാണുമ്പോൾ നമുക്കു നൃത്തത്തെക്കുറിച്ചു മാത്രമേ ചിന്തയുള്ളൂ. അത് ഒരു യന്ത്രത്തിലൂടെയാണ് നമ്മുടെ മുൻപിലെത്തുന്നത് എന്ന നമ്മളറിയുന്നില്ല. എന്നാൽ അവിദഗ്ധകളായ കൊച്ചു പെൺകുട്ടികളെക്കൊണ്ട് ഡാൻസിനു പകരം ഉഡാൻസ് അധികാരികൾ നടത്തിക്കുമ്പോൾ ടെലിവിഷൻ സെറ്റിന്റെ ഓർമ്മ നമുക്കുണ്ടാകുന്നു. ചാടിച്ചെന്ന് അതിന്റെ സ്വിച്ച് പിടിച്ചുതിരിച്ചു പ്രവർത്തനം നിറുത്തുന്നു.

കവിതയും ഇതുപോലെയാണ്.
ചാഞ്ഞലഞ്ഞ ചെറുദേവദാരുവി-
ന്നാഞ്ഞശാഖികളടിക്ക ചിന്തയാൽ
കാഞ്ഞു കാൺമതു മനോരഥങ്ങളാൽ
മാഞ്ഞുതൻ നിലമറന്ന നിന്നവൾ.

എന്ന വായിക്കുമ്പോൾ നമ്മൾ വൃക്ഷം പടർന്നു കിടക്കുന്നതും മറ്റുമേ കാണുന്നുള്ളൂ. ഇവിടെ പദങ്ങളെ നമ്മൾ കാണുന്നില്ല. അവ ഉയർത്തുന്ന ഇമേജുകളെ മാത്രമേ ദർശിക്കുന്നുള്ളൂ. എന്നാൽ അനവാചകനെ ഇമേജുകളിൽനിന്നകറ്റി വാക്കുകളിലേക്കു മാത്രം കവി നയിക്കുമ്പോൾ മോട്ടോർകാറിനെയും ടെലിവിഷൻ സെറ്റിനെയുംകുറിച്ച് ഓർമ്മയുണ്ടാകുന്നതിനു തുല്യമായ അനുഭവം ജനിക്കുകയാണ്. കാവ്യത്തിലെ ഭാഷ ചിത്രങ്ങൾ അല്ലെങ്കിൽ ബിംബങ്ങൾ മാത്രമേ നിർമ്മിക്കാവൂ. ഭാഷയെക്കുറിച്ചു വായനക്കാരൻ വിചാരിക്കാനിടയായാൽ കവിതയുടെ ധർമ്മം അപ്രത്യക്ഷമായിപ്പോകും.

കെ. പി. അപ്പൻ

കെ. പി. അപ്പൻ

ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന നിരൂപകനാണ് കെ. പി. അപ്പൻ. അദ്ദേഹത്തിന്റെ എല്ലാ അഭിപ്രായങ്ങളോടും എനിക്കു യോജിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതിൽ അദ്ഭുതപ്പെടാൻ ഒന്നുമില്ല. അപ്പൻ ആവിഷ്കരിക്കുന്നത് അദ്ദേഹത്തിന്റെ മതങ്ങളാണ്. എന്റെ മതങ്ങളല്ല. അതുപോലെ എന്റെ അഭിപ്രായങ്ങളോട് അദ്ദേഹം യോജിച്ചില്ലെങ്കിൽ എനിക്കും പരിഭവത്തിനു കാരണമില്ല. ഈ ചിന്താഗതിയോടുകൂടിയാണ് ഞാൻ അദ്ദേഹത്തിന്റെ "മലയാള ഭാവനയെക്കുറിച്ചുള്ള പ്രത്യാശ" എന്ന ലേഖനം വായിച്ചത്. (കേരളകൗമുദി വിശേഷാൽ പ്രതി)

വിദഗ്ധകളായ നർത്തകികൾ നൃത്തം ചെയ്യുന്നതു സെറ്റിൽ കാണുമ്പോൾ നമുക്കു നൃത്തത്തെക്കുറിച്ചു മാത്രമേ ചിന്തയുള്ളൂ. അത് ഒരു യന്ത്രത്തിലൂടെയാണ് നമ്മുടെ മുൻപിലെത്തുന്നത് എന്ന നമ്മളറിയുന്നില്ല. എന്നാൽ അവിദഗ്ധകളായ കൊച്ചു പെൺകുട്ടികളെക്കൊണ്ട് ഡാൻസിനു പകരം ഉഡാൻസ് അധികാരികൾ നടത്തിക്കുമ്പോൾ ടെലിവിഷൻ സെറ്റിന്റെ ഓർമ്മ നമുക്കുണ്ടാകുന്നു. ചാടിച്ചെന്ന് അതിന്റെ സ്വിച്ച് പിടിച്ചുതിരിച്ചു പ്രവർത്തനം നിറുത്തുന്നു.

ആത്യന്തികാവസ്ഥയിൽ ഭാവനകളെല്ലാം ഒന്നാണെങ്കിലും അല്പം താണതലത്തിൽ മലയാള ഭാവന, ഭാരതീയ ഭാവന, ഇംഗ്ലീഷ് ഭാവന, അമേരിക്കൻ ഭാവന എന്നൊക്കെ തരംതിരിക്കുന്നതിൽ അപാകമൊന്നുമില്ല. ചന്ദ്രനിൽക്കാണുന്ന കറുത്ത അടയാളം യാമിനീദേവി കണ്ണെഴുതിയതിനു ശേഷമുള്ള മഷി ചന്ദ്രനാകുന്ന ദർപ്പണത്തിൽ അവൾ തുടച്ചതാണെന്ന സങ്കല്പം ഭാരതീയന്റേതു മാത്രമാണ്. ഗുരുവായൂരമ്പലത്തിന്റെ സമീപത്തു നില്ക്കുന്ന അരയാൽ ഇലക്കൈകൾകൊണ്ടു നാമം ജപിച്ചുവെന്നും കരിക്കിന്റെ മുകൾഭാഗം ചെത്തുമ്പോൾ വെള്ളം ചാടുന്നതുപോലെ ഉദയസൂര്യന്റെ രശ്മികൾ പ്രസരിച്ചുവെന്നും മലയാളിയായ കവിക്കേ പറയാൻ പറ്റൂ. അതു 'മലയാളഭാവന'തന്നെയാണ്. ഈ ലോകത്തിന്റെ ലളിതമായ ഒരു ചിത്രം മനുഷ്യൻ നിർമ്മിക്കുന്നുവെന്നും അനുഭവ പ്രപഞ്ചത്തിനു പകരമായി അവൻ ഇതു സ്വീകരിക്കുന്നുവെന്നും ഐൻസ്റ്റൈനും പറഞ്ഞിട്ടുണ്ട്. ചിത്രകാരനും കവിയും അവനവന്റേതായ രീതിയിൽ ചെയ്യുന്നത് ഇതുതന്നെയാണ്. തന്റെ വൈകാരിക ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് ഈ ലോകത്തേയും അതിന്റെ നിർമ്മാണത്തേയും അവൻ കൊണ്ടുചെല്ലുന്നുവെന്നും ഐൻസ്റ്റൈൻ കരുതുന്നു. "അവനവന്റേതായ രീതിയിൽ" എന്ന് അദ്ദേഹം പറഞ്ഞതാണ് പ്രാധാന്യം ആവഹിക്കുന്നത്. സ്വകീയമായ ഈ രീതിയിൽ വിഭിന്നഭാവനകൾക്കു ഹേതുവായി ഭവിക്കുന്നത്. അതിനാൽ കെ. പി. അപ്പൻ മലയാളഭാവനയെ വേർതിരിച്ചു കാണുന്നതു സാഹിത്യപഞ്ചാനനൻ പറഞ്ഞതുപോലെ ആദരണീയവും സ്വീകരണീയവുമത്രേ. തുടർന്ന് ഉണ്ണായിവാര്യരുടെ നളചരിതത്തിന്റെ ഔജ്ജ്വല്യത്തെക്കുറിച്ച് അദ്ദേഹം ഉപന്യസിക്കുന്നു. അതിലും അഭിപ്രായഭേദം ഉണ്ടാകേണ്ടതില്ല. എന്നാൽ നളചരിതത്തെ അപേക്ഷിച്ച് കീഴേക്കിടയിലാണ് ശാകുന്തളത്തിന്റെ സ്ഥിതിയെന്ന് അദ്ദേഹം എഴുതുമ്പോൾ പ്രതിഷേധത്തെ ക്ഷണിച്ചു വരുത്തുകയാണെന്നേ എനിക്കു പറയാൻ പറ്റൂ. സുന്ദരവസ്തുക്കൾക്കു തരതമഭാവമില്ല. "ചെമ്മീൻ" സുന്ദരം. "ബാല്യകാലസഖി"യും സുന്ദരം എന്നല്ലാതെ ഏതിനു കൂടുതൽ സൗന്ദര്യമെന്നു നിർണ്ണയിക്കാവുന്നതല്ല. റോസാപ്പൂ സുന്ദരം, താമരപ്പൂ സുന്ദരം. ഇവയിൽ കൂടുതൽ സൗന്ദര്യമേതിന് എന്ന ചോദിച്ചാൽ മൗനം അവലംബിക്കുകയേ മാർഗ്ഗമുള്ളൂ. അക്കാരണത്താൽ "നളചരിത"ത്തിന് ഉത്കൃഷ്ടതയും "ശാകുന്തള"ത്തിന് അതിനെ അപേക്ഷിച്ച് അപകൃഷ്ടതയും ഉണ്ടെന്ന വാദത്തിൽ യുക്തിയില്ല.



ഷെയ്ക്സ്പിയർ

സൗന്ദര്യത്തിനു തരതമഭാവമില്ലെങ്കിലും മഹത്ത്വത്തിന് അതുണ്ട്. തിരുവനന്തപുരത്തെ പബ്ലിക് ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിനു ദൈർഘ്യമുണ്ട്. പക്ഷേ, അതിന് അല്പമകലെയായി നിലകൊള്ളുന്ന ശ്രീ ചിത്രാ ആർട്ട് ഗ്യാലറി കൊച്ചു കെട്ടിടമാണെങ്കിലും മഹത്ത്വമുള്ളതാണ്. ഹേതു രവിവർമ്മയുടേയും മറ്റനേകം പ്രതിഭാശാലികളുടേയും ചിത്രങ്ങൾ അവിടെയുണ്ട് എന്നതത്രേ. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ "ശ്രീയേശുവിജയം" എന്ന മഹാകാവ്യത്തേക്കാൾ മഹനീയമാണ് വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കടിയൊഴിക്കൽ' എന്ന കൊച്ചു കാവ്യം. കുഞ്ചൻ നമ്പ്യാർ അദ്ദേഹത്തിന്റെ രീതിയിൽ മഹാകവിയാണെങ്കിലും ഷെയ്ക്സ്പിയറിനു സദൃശനല്ല. അങ്ങനെയാണെന്ന സഞ്ജയൻ പറഞ്ഞതിനോട് അപ്പൻ യോജിക്കുന്നു. ഇതു ചിന്തനീയംതന്നെ. ചില സാഹിത്യകൃതികൾക്കു പരിമിതത്വമുണ്ട്. മറ്റുള്ളവയ്ക്ക് അപരിമിത സ്വഭാവമാണുള്ളത്. കുഞ്ചൻ നമ്പ്യാരുടെ ഏതു കൃതിയും നമ്മെ രസിപ്പിക്കും. എന്നാൽ അതു വായിച്ചുവച്ചു കഴിഞ്ഞാൽ പിന്നൊന്നുമില്ല. അതല്ല ഷെയ്ക്സ്പിയർ കൃതികളുടെ സവിശേഷത ഒഥല്ലോയും ഡെസ്ഡിമോണയും മരിച്ചുകഴിയുന്നതോടെ നാടകം അവസാനിക്കുന്നില്ല. പിന്നീടുള്ള മനഃശ്യനാടകം നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. അതു കാണാൻ ഷെയ്ക്സ്പിയർ നമ്മുടെ കണ്ണുകൾ പിടിച്ചു തുറക്കുന്നു എന്നതിലാണ് ആ നാടകത്തിന്റെ മഹനീയതയിരിക്കുന്നത്. വേറൊരു തരത്തിൽ പറയാം. "ഒഥല്ലോ" എന്ന നാടകം നമ്മളെ 'ഹോണ്ട്' ചെയ്തുകൊണ്ടിരിക്കുന്നു. "കിങ് ലിയറി"ന്റെയും "മക്ബത്തി"ന്റെയുമൊക്കെ സ്ഥിതി ഇതുതന്നെ. അപരിമിതസ്വഭാവമാർന്ന കുഞ്ചൻ നമ്പ്യാർകൃതികളിലോടു ഒരു വിധത്തിലും താരതമ്യപ്പെടുത്താവുന്നതല്ല. നക്ഷത്രമെവിടെ? മുക്കുറ്റിപ്പൂവ് എവിടെ? ആളുകൾ ആദരിക്കുന്ന കാലത്തേക്കേ നമ്മൾ ഇവിടെ ജീവിക്കുന്നുള്ളൂ. അതിനശേഷം കവി പറഞ്ഞതുപോലെ 'ചത്തിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന അവസ്ഥയാണ്. ലോകമാകെയുള്ള ജനങ്ങൾ ആദരിക്കുന്നതുകൊണ്ടു ഷെയ്ക്സ്പിയർ ജീവിച്ചിരിക്കുന്നു. കുഞ്ചൻ നമ്പ്യാർ കേരളത്തെസ്സംബന്ധിച്ചിടത്തോളം മഹാകവി തന്നെ. പക്ഷേ, ലോകജനതയുടെ ബഹുമാനം അദ്ദേഹം നേടിയിട്ടുണ്ടോ? (ഭാഷ കറച്ചുപേരേ സംസാരിക്കുന്നുള്ളൂ എന്നതു ശരിയായ സമാധാനമല്ല.)

ഒരു കാര്യം എഴുതാൻ മറന്നുപോയി. ഉത്കൃഷ്ടതമമായ കാവ്യഭാഷണത്താലാണ് കവികൾ മഹനീയതയുള്ളവരായി അംഗീകരിക്കപ്പെടുന്നത്. അത് ഷെയ്ക്സ്പിയറിനുള്ളതുപോലെ വാല്മീകിക്കും ഹോമറിനുംപോലും ഇല്ലെന്ന് അരവിന്ദഘോഷ് പലതവണ പറഞ്ഞിട്ടുണ്ട്. ഒരുദാഹരണം Cut out brief candle എന്ന തുടങ്ങുന്ന ഭാഗം, കുഞ്ചൻ നമ്പ്യാരുടെ ഒരു കൃതിയിലും ഈ "സുപ്രീം പൊയറ്റിക് അട്ടറൻസ്" ഇല്ല.

മിഗൽ ദേ ഊനാമൂനോ

സ്പാനിഷ് തത്ത്വചിന്തകൻ മിഗൽ ദേ ഊനാമൂനോയുടെ (Miguel de Unamuno, 1864–1936) The Tragic Sense of Life എന്ന പുസ്തകം സംസ്കാരത്തിൽ താൽപര്യമുള്ളവരെല്ലാം വായിക്കേണ്ടതാണ്. അതിലൊരിടത്ത് അദ്ദേഹം ഏതാണ്ടിങ്ങനെ പറഞ്ഞിട്ടുണ്ട്. യുദ്ധം നടക്കുന്ന വേളയിൽ ആളുകൾ സമാധാനത്തിനുവേണ്ടി ആഗ്രഹിക്കുന്നു. സമാധാനമുള്ള കാലത്ത് യുദ്ധത്തിനും. ഭീകരഭരണത്തിൽ അവർ കൊതിക്കുന്നത് സ്വാതന്ത്ര്യത്തിനുവേണ്ടിയാണ്. സ്വാതന്ത്ര്യം നിലവിലിരിക്കുകയാണെങ്കിൽ ഭീകരഭരണത്തിനായി അഭിലഷിക്കും.

സി. വി. ശ്രീരാമനെക്കുറിച്ച്

വായനക്കാരൻ: സി. വി. ശ്രീരാമൻ എന്ന കഥാകാരനെക്കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം?

നിരൂപകൻ: നല്ല കഥാകാരനാണ് അദ്ദേഹം.

വായനക്കാരൻ: പക്ഷേ, രാഷ്ട്രവ്യവഹാരമല്ലാതെ അദ്ദേഹത്തിനെന്തു വിഷയമില്ലല്ലോ.

നിരൂപകൻ: ഓരോ എഴുത്തുകാരനും ഓരോ 'റെയ്ഞ്ച്'ഉണ്ടല്ലോ. അതിൽനിന്നു പുറത്തേക്കു ചെല്ലാൻ ആ മനുഷ്യനു പ്രയാസമായിരിക്കും. ആ പ്രയാസത്തെ തൃണവൽഗണിച്ച് ആ എഴുത്തുകാരൻ മറ്റുകണ്ടം ചാടിയാൽ ഫലം ഭ്രംശായാകും. സി. വി. രാമൻപിള്ളയുടെ 'നിശ്ചിതപരിധി' ചരിത്രമാണ്. അതിനെ അതിലംഘിച്ച് അദ്ദേഹം 'പ്രേമാമൃതം' എഴുതിയപ്പോൾ പരാജയം സംഭവിച്ചു. പക്ഷേ, സി. വി. ശ്രീരാമൻ മറ്റു വിഷയങ്ങളെക്കുറിച്ചും നല്ല കഥകളെഴുതിയിട്ടുണ്ട്. അതുകൊണ്ടു സങ്കചിതത്വം എന്ന ദോഷം അദ്ദേഹത്തിൽ ആരോപിക്കാവുന്നതല്ല.

വായനക്കാരൻ: സി. വി. ശ്രീരാമന്റെ രാഷ്ട്രവ്യവഹാരസംബന്ധികളായ കഥകളുടെ സ്വഭാവമെന്ത്? അവ അദ്ദേഹത്തിന്റെ രാഷ്ട്രീയ തത്ത്വചിന്തയിൽ വിശ്വസിക്കാവുന്നവർക്ക് എങ്ങനെ ആസ്വാദ്യങ്ങളാകും?

നിരൂപകൻ: ഇന്ന രാഷ്ട്രവ്യവഹാരത്തോടാണ് തനിക്കു താൽപര്യമെന്ന് അദ്ദേഹം സ്പഷ്ടമാക്കാറില്ല. അതു പുരോഗമനാത്മകമായ തത്ത്വചിന്ത മാത്രമാണെന്നേ വായനക്കാർ ധരിക്കൂ. അതല്ല, തന്റെ വിഷയത്തെ കഴിയുന്നിടത്തോളം 'കംപ്രെസ്സ്' ചെയ്യാൻ—ഞെരുക്കാൻ—അദ്ദേഹത്തിനറിയാം. അസുഖദായകങ്ങളായ വിശദാംശങ്ങളിലേക്കു പോകുമ്പോഴാണ് കഥയിലെ രാഷ്ട്രവ്യവഹാരം അതിൽ വിശ്വസിക്കാത്തവർക്ക് അരോചകമാകുന്നത്. ഈ സത്യം സി. വി. ശ്രീരാമന് അറിയാം. 'ദേശാഭിമാനി' വിശേഷാൽ പ്രതിയിൽ അദ്ദേഹമെഴുതിയ "കിട്ടാതെ പോയ ഒരു വോട്ട്" എന്ന ചെറുകഥ നോക്കൂ. കാഴ്ചയില്ലാത്ത, കേഴ്വി നഷ്ടപ്പെട്ട ഒരു വൃദ്ധയുടെ വോട്ടാണത്. തിരഞ്ഞെടുപ്പിനു നില്ക്കുന്നവൻ അതു കാത്തുനില്ക്കുന്നു. വൃദ്ധ വരുന്നില്ല. എങ്കിലും തനിക്കുവേണ്ടി അവർ പ്രാർത്ഥിച്ചുകാണും എന്ന് അയാൾ വിശ്വസിക്കുന്നു. ബഹിർഭാഗസ്ഥത ഒഴിവാക്കി, പുരോഗമനചിന്തയ്ക്കു പ്രാധാന്യം നല്കി. മനുഷ്യത്വത്തിന് ഊന്നൽ നല്കി രചിക്കപ്പെട്ട ഇക്കഥയ്ക്കു കംപ്രെഷന്റെ—സാന്ദ്രീകരണത്തിന്റെ—ശക്തിയുണ്ട്.



ആഡം സ്മിത്ത്

നമ്മൾ പ്രാചീനങ്ങളായ കൃതികൾ കൂടി വായിക്കണം. സാഹിത്യകൃതികളെയല്ല ഞാൻ ലക്ഷ്യമാക്കുന്നത്. ദാർശനികങ്ങളും സാമൂഹികങ്ങളുമായ വിഷയങ്ങൾ പ്രതിപാദിച്ചിട്ടുള്ള കൃതികൾ. അവയിൽ കാണുന്ന നിരീക്ഷണങ്ങൾ പലപ്പോഴും നമ്മളെ ചിന്തയുടെ ഉന്നതമണ്ഡലങ്ങളിലേക്കു നയിക്കും. അടുത്തകാലത്ത് ആഡം സ്മിത്തിന്റെ Theory of Moral Sentiments ഞാൻ വായിച്ചു. പുസ്തകം ഇപ്പോൾ കൈയിലില്ലാത്തതുകൊണ്ടു ഓർമ്മയിൽ നിന്ന് ചിലതു കുറിക്കാം. "ചൈനയെ ഒരു ദിവസം ഭൂകമ്പം വിഴുങ്ങിയെന്നു വിചാരിക്കുക. ഈ ഭയജനകമായ ദൗർഭാഗ്യം മനുഷ്യത്വമുള്ള ഒരു യൂറോപ്യനെ എങ്ങനെ ബാധിക്കും? അയാൾ തന്റെ നിർവ്യാജമായ ദുഃഖത്തിന് ആവിഷ്കാരം നല്കും. എന്നിട്ട് മനുഷ്യജീവിതത്തിന്റെ ക്ഷുദ്രത്വം, ആപത്ത് ഇവയെക്കുറിച്ച് ചിന്തോദ്ദീപകങ്ങളായി പലതും പറയും. യൂറോപ്പിലെ വാണിജ്യത്തെ ഈ ഭയങ്കരസംഭവം എങ്ങനെ അപകടപ്പെടുത്തും എന്നും വിശദീകരിക്കും. അങ്ങനെ ഈ നല്ല ചിന്തകൾക്കൊക്കെ ബഹിഃസ്സരണം നല്കിയിട്ട് അയാൾ സ്വന്തം ജീവിതത്തിലേക്കു തിരിയും. അതിന്റെ ആഹ്ലാദങ്ങൾ ആസ്വദിക്കും. അയാൾക്കു സംഭവിക്കാവുന്ന ഏറ്റവും ചെറിയ ദൗർഭാഗ്യംപോലും ചൈനയ്ക്കുണ്ടായ വിപത്തിനെക്കാൾ അയാളെ അലട്ടും. പിറ്റേ ദിവസം അയാളുടെ ഒരു ചെറുവിരൽ നഷ്ടപ്പെടുമെന്നിരിക്കട്ടെ. അന്നരാത്രി—അതായത് വിരലു നഷ്ടപ്പെടുന്നതിന്റെ തലേദിവസത്തെ രാത്രി—അയാൾ ഉറങ്ങുകയേയില്ല. അതിനൊന്നും ഒരു കുഴപ്പവുമില്ലെങ്കിൽ കോടിക്കണക്കിനുള്ള ചൈനീസ് ജനത മരിച്ചത് വിസ്മരിച്ച് അയാൾ കൂർക്കംവലിച്ച് ഉറങ്ങും."— സത്യം സത്യമായി കേൾക്കുമ്പോൾ ഉണ്ടാകുന്ന അനുഭൂതിയല്ലേ സ്മിത്ത് ഉളവാക്കുന്നത് ഈ ആശയങ്ങളിലൂടെ?

വത്സല

ജീവിതത്തെ ഐറണിയോടുകൂടി (irony=വിപരീതലക്ഷണം) വീക്ഷിച്ച സാഹിത്യകാരന്മാരിൽ ജോവാന്നി ബൊക്കാറ്റ്ചോക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ 'ഡികമറൻ' എന്ന കഥാസമാഹാരത്തിലെ ആദ്യത്തെ കഥയായ Ser Cepperello ഈ സത്യം സ്പഷ്ടമാക്കിത്തരും. പ്രധാന കഥാപാത്രം കച്ചവടക്കാരനാണ്. ജീവിതം മുഴുവനും അന്യരെ വഞ്ചിക്കാനും പാവപ്പെട്ട സ്ത്രീകളുടെ ചാരിത്ര്യം നശിപ്പിക്കാനും വിനിയോഗിച്ചവൻ. അയാൾ മരിക്കാറായപ്പോൾ വിശുദ്ധനായ ഒരു പാതിരിയെ വിളിച്ച് പാപനിവേദനം ചെയ്തു. പക്ഷേ, താനൊരു പുണ്യവാളനെപ്പോലെയാണെന്ന പാതിരിയെ വിശ്വസിപ്പിക്കാൻ അയാൾക്കു കഴിഞ്ഞു. മരിച്ച അയാളെ വിശുദ്ധമായ സ്ഥലത്ത് അടക്കി. പിന്നീട് പാതിരി ആ വിശുദ്ധനെക്കുറിച്ച് പലരോടും ആദരപൂർവം സംസാരിച്ചു. അതു വിശ്വസിച്ച ആളുകൾ ശവകുടീരത്തിലേക്ക് തീർത്ഥയാത്രകൾ നടത്തി. ഗ്രന്ഥകാരന്റെ വാക്കുകൾതന്നെ കേൾക്കുക: The fame of his saintleness, and of the veneration in which he was held, grew to such proportion that there was hardly anyone who did not pray for his assistance in time of trouble,and they called him and call him still. Saint Ciappelletto.

ജോവാന്നി ബൊക്കാറ്റ്ചോ

ഇറ്റലിയിലെ മഹാനായ ഈ സാഹിത്യകാരന് ഇഷ്ടമായിരുന്ന ഐറണി നവീനന്മാർക്കും ഇഷ്ടംതന്നെ. വത്സലയുടെ പല കഥകളിലും ഈ വിപരീതാർത്ഥ പ്രയോഗത്തിന്റെ സാമഞ്ജസ്യം കാണാം. ദേശാഭിമാനി വിശേഷാൽ പ്രതിയിൽ അവർ എഴുതിയ 'അമ്മയുടെ ജോലി' എന്ന കഥയിൽ ഒരു സ്ത്രീയുടെയും അവരുടെ മകന്റെയും ദയനീയമായ ജീവിതം വത്സല കലാപരമായി ചിത്രീകരിക്കുന്നു.

ഹെൻറി ഫീൽഡിങ്ങ്

ഹെൻറി ഫീൽഡിങ്ങിന്റെ Joseph Andrews വായിക്കേണ്ട നോവലാണ്. ജോസഫ് ഒരിക്കൽ നടന്നു പോവുകയായിരുന്നു. രാത്രി. രണ്ടു കള്ളന്മാർ അയാളെ സമീപിച്ച് 'strip' എന്നാജ്ഞാപിച്ചു. ജോസഫ് കടംവാങ്ങിയ കോട്ടും ബ്രീച്ചസ്സും ധരിച്ചാണ യാത്ര ചെയ്തത്. കള്ളന്മാർ അയാളെ അടിച്ച് അവശനാക്കി കോട്ടും കാലുറയും ഊരിയെടുത്ത് അപ്രത്യക്ഷരായി. മഞ്ഞിൽ നഗ്നനായി ഇരിക്കുകയായിരുന്നു അയാൾ. അപ്പോൾ അതുവഴി കുതിരവണ്ടിയിൽ ചില ആളുകൾ വന്നു. 'നമുക്കു പോകാം' എന്ന് കുതിരവണ്ടിക്കാരൻ. ഒരു സ്ത്രീ പറഞ്ഞു എന്താണ കാര്യമെന്ന് അന്വേഷിക്കാൻ. ഒരാൾ പോയി നോക്കിയിട്ട് അറിയിച്ചു "ജനിച്ച മട്ടിൽ നഗ്നനായി ഒരുത്തൻ". അതു കേട്ടയുടനെ 'ഓ യേശുവേ' എന്ന് അവൾ വിളിച്ചു. "A naked man! Dear Coachman, drive on and leave him" എന്ന് അവൾ. അയാളെ വണ്ടിയിലെടുത്തുകൊണ്ടു പോകണമെന്ന് ഒരാളുടെ അഭിപ്രായം. നഗ്നനായ ഒരുത്തനോടുകൂടി യാത്രചെയ്യാൻ സാധിക്കയില്ല എന്ന പറഞ്ഞു സ്ത്രീ ബഹളംകൂട്ടി. എങ്കിലും ജോസഫ് വണ്ടിയിലേക്ക് ആനയിക്കപ്പെട്ടു. അയാൾ നടന്നു വന്നപ്പോൾ സ്ത്രീ വിശറികൊണ്ടു കണ്ണുകൾ മറച്ചു. ശരീരം മറയ്ക്കാതെ താൻ വണ്ടിയിൽ കയറുകയില്ലെന്ന ജോസഫ് ശഠിച്ചു. വണ്ടിക്കകത്ത് ധാരാളം കോട്ടുകൾ ഉണ്ട്. കോച്ച്മാൻ തന്നെ രണ്ടു കോട്ട് താഴെയിട്ട് അവയുടെ പുറത്തിരിക്കുകയാണ്. പക്ഷേ, തണുത്തുവിറയ്ക്കുന്ന അയാളുടെ നഗ്നത മറയ്ക്കാൻ ആരും ഒരു കോട്ട് കൊടുക്കില്ല. (അദ്ധ്യായം 12 നോക്കുക) മനുഷ്യസ്വഭാവത്തെ ഇങ്ങനെ ഐറണിയോടെ ചിത്രീകരിക്കാൻ ഫീൽഡിങ്ങും സമർത്ഥനായിരുന്നു.

ചോദ്യം, ഉത്തരം

ചോദ്യം: ബർട്രൻഡ് റസ്സലിന്റെ ഏതു വാക്യമാണ് നിങ്ങളെ സ്പർശിച്ചത്?

ഉത്തരം: വാക്യമല്ല, വാക്യങ്ങൾ. അവ സ്പർശിക്കുകയല്ല ഹൃദയത്തിന്റെ അടിത്തട്ടിലേക്കു കടന്നുചെല്ലുകയാണുണ്ടായത്. കേൾക്കുക: 'കാലം മനുഷ്യനെ പതം വന്നവനാക്കുന്നുവെന്നു ചിലർ പറയുന്നു. ഞാനതു വിശ്വസിക്കുന്നില്ല. മനുഷ്യനെ പേടിയുള്ളവനാക്കുകയാണ് കാലം. പേടി അവന് അനരഞ്ജകാവസ്ഥ ഉളവാക്കുന്നു. ഈ അനരഞ്ജകാവസ്ഥ കൊണ്ടാണ് അവൻ പതംവന്നവനായി മറ്റുള്ളവർക്കു തോന്നുന്നത്. പേടി വരുമ്പോൾ സ്നേഹത്തിന്റെ ആവശ്യകത വരും; തണുത്ത ലോകത്തിന്റെ ആശൈത്യമകറ്റാനുള്ള മാനുഷികമായ ചൂട്. ഞാൻ പേടിയെക്കുറിച്ചു പറഞ്ഞതു വെറും വ്യക്തിപരമായ പേടിയെക്കുറിച്ചല്ല; മരണം, വാർദ്ധക്യത്താലുള്ള ശക്തിക്ഷയം, നിർദ്ധനത്വം അല്ലെങ്കിൽ ഇവ പോലുള്ള ഏതെങ്കിലും ലൗകിക ദൗർഭാഗ്യം എന്നിവയെക്കുറിച്ചുള്ള പേടിയുമല്ല. ആത്മവിഷയകമായ പേടിയെക്കുറിച്ചാണ ഞാൻ കൂടുതലും വിചാരിക്കുന്നത്. ജീവിതത്തിലെ വലിയ തിന്മകളുടെ അനുഭവത്തിലൂടെ ആത്മാവിലേക്കു കടന്നുവരുന്ന ഭയത്തെക്കുറിച്ചാണ് ഞാൻ വിചാരിക്കുക: സ്നേഹിതന്മാരുടെ വഞ്ചന, നമ്മൾ സ്നേഹിക്കുന്നവരുടെ മരണം, മനുഷ്യസ്വഭാവത്തിൽ പതുങ്ങിയിരിക്കുന്ന ക്രൂരതയുടെ കണ്ടുപിടിത്തം എന്നീ തിന്മകൾ. (റസ്സലിന്റെ ആത്മകഥ)

ചോദ്യം: അടുത്ത കാലത്ത് നിങ്ങൾ വായിച്ച ഏറ്റവും മനോഹരമായ കഥ?

ഉത്തരം: ഒ. വി. വിജയൻ 'കലാകൗമുദി'യിലെഴുതിയ 'കാറ്റു പറഞ്ഞ കഥ'.

ചോദ്യം: ഏറ്റവും സുന്ദരമായ കാവ്യമോ?

ഉത്തരം: സുഗതകുമാരി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ മരണത്തെക്കുറിച്ചെഴുതിയ കാവ്യം. പേരു മറന്നുപോയി ഞാൻ.

ചോദ്യം: ക്ഷീണമുണ്ടോ?

ഉത്തരം: ഉണ്ട്. പക്ഷേ, ക്ഷീണം തോന്നുമ്പോഴെല്ലാം ഞാൻ ഭഗവദ്ഗീതയെടുത്തു വായിക്കും. അതു ഉജ്ജീവനൗഷധമാണ്.

ചോദ്യം: പരിചയമുള്ളവർ, കാണാത്തമട്ടിൽ പോയാൽ നിങ്ങൾക്കു ദേഷ്യം തോന്നുമെന്നു പലരും പറയുന്നല്ലോ. ശരിയാണോ? (ചോദ്യം കിട്ടിയത്)

ഉത്തരം: മുൻപ് തോന്നിയിരുന്നു. ഇപ്പോൾ കോപമില്ല, വല്ലായ്മയില്ല, ഒരാളിന്റെ അവഗണന നമ്മുടെ ജീവിതത്തെ എങ്ങനെ ബാധിക്കാനാണ്?

ചോദ്യം: നിങ്ങൾ എങ്ങനെ കഴിയുന്നു?

ഉത്തരം: കഴിച്ചു കൂട്ടുന്നു. മഹാപണ്ഡിതനായ എം. എച്ച് ശാസ്ത്രികൾക്ക് ഈ പ്രയോഗത്തിന് ഒരു അർത്ഥപ്രദർശനമുണ്ട്. കഴിക്കുക=കുറയ്ക്കുക. പുണ്യം കുറച്ച് പാപം കൂട്ടിക്കൊണ്ടിരിക്കുക. അതു തന്നെയാണ് ഞാനും ചെയ്യുന്നത്.

ചോദ്യം: ജ്യോത്സ്യമെഴുതുന്ന നിങ്ങളുടെ മാർഗ്ഗം ഏത് ഹേ? (ചോദ്യം ബോംബെയിൽനിന്ന് കിട്ടിയത്. കൈയക്ഷരം പുരുഷന്റേത്. പേര് സ്ത്രീയുടേ്)

ഉത്തരം: ഞാൻ കത്തനെയുള്ള ഒരിറക്കത്തിലൂടെ നിയന്ത്രണമില്ലാതെ നടക്കുകയാണ്. ഓട്ടം എന്നു വേണമെങ്കിലും പറയാം. ആ ഇറക്കം ചെന്നുചേരുന്നതു തിരുവനന്തപുരത്ത് കൈമനമെന്ന സ്ഥലത്തുള്ള ഒരധ്യാത്മവിദ്യാലയത്തിലാണ്. അവിടെ ചെല്ലുമ്പോൾ നടത്തം അല്ലെങ്കിൽ ഓട്ടം നില്ക്കും.

രണ്ടു കഥകൾ

വല്യമ്മാവനെക്കുറിച്ചു കടങ്ങുടെ എഴുതാറുണ്ട്. അയാളെക്കുറിച്ചല്ല ഇപ്പോൾ പറയുന്നത്. (വല്യമ്മാവനെ അയാളെന്നു വിളിച്ച എന്റെ മര്യാദകേട് വായനക്കാർ ക്ഷമിക്കണം. അയാളുടെ സ്വഭാവം നോക്കിയാൽ അവനെന്നാണ് വിളിക്കേണ്ടത്.) മറ്റൊരമ്മാവൻ ചിലപ്പോഴൊക്കെ എന്റെ വീട്ടിൽ വരും. എന്നിട്ട് മൂന്നു മൈൽ അകലെയുള്ള പറമ്പു കിളപ്പിക്കാൻ പോകും അദ്ദേഹം. 'നീയും വാടാ കൃഷ്ണാ' എന്നുപറഞ്ഞ് എന്നെയും കൊണ്ടുപോകും. പറമ്പുകിളപ്പിക്കുന്നതു നോക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ അമ്മാവൻ ആജ്ഞാപിക്കും: "എടാ വീട്ടിൽച്ചെന്നു കുറച്ചു കഞ്ഞിവെള്ളം വാങ്ങിക്കൊണ്ടുവാ." മൂന്നാഴിക വീട്ടിലേക്കും വീട്ടിൽനിന്നു മൂന്നാഴിക പറമ്പിലേക്കും നടന്നു കഞ്ഞിവെള്ളം കൊണ്ടുകൊടുക്കുന്ന എന്നോട് അമ്മാവൻ ദേഷ്യത്തോടെ പറയും: "ഛേ, എന്തോന്നെടാ കഞ്ഞിവെള്ളമോ? ചുക്കുവെള്ളമല്ലേ ഞാൻ കൊണ്ടുവരാൻ പറഞ്ഞത്?" ഞാൻ വീണ്ടും പോകുന്നു. ചുക്കുവെള്ളവുംകൊണ്ട് എത്തുന്നു. അരമണിക്കൂർ കഴിയുന്നതിനുമുൻപ് വീണ്ടും ആജ്ഞ:"കൃഷ്ണാ എന്റെ ഈ നേരിയത് വീട്ടിൽ കൊണ്ടിട്ടിട്ട് വടിയിങ്ങ് എടുത്തോണ്ടുവാ."

ഈ അമ്മാവനെപ്പോലെ കല്പനകൾ തുടരെത്തുടരെ നല്കുന്ന നൃശംസതയല്ല ചെറുകഥയെന്നത്. അത് പെരുമാറേണ്ടത് എങ്ങനെയെന്നു നമ്മെ പഠിപ്പിക്കുന്ന ഗുരുനാഥനല്ല, അമ്മാവനുമല്ല. ജീവിതത്തെക്കുറിച്ച് ഒരു വിഷൻ—കാഴ്ച—ഉണ്ടാക്കിത്തരുക എന്നതാണ് അതിന്റെ കൃത്യം. അത് അനുഷ്ഠിക്കുന്നുണ്ട് പ്രഭാകരൻ പഴശ്ശിയുടെ "പാളങ്ങളിൽ ഒരു വിലാപയാത്ര" എന്ന ചെറുകഥ (ദേശാഭിമാനി വാരിക) മരിച്ചവനോ മരിക്കാൻ പോകുന്നവനോ അല്ലെങ്കിൽ കുറേക്കാലംകൂടി ജീവിച്ചിരിക്കാൻ പോകുന്നവനോ ആയ ഒരച്ഛനെ മകന്റെ വിചാരങ്ങളിലൂടെ ചിത്രീകരിച്ചു മരണത്തിന്റെ അനിവാര്യ സ്വഭാവത്തെ കാണിച്ചുതരികയാണ് പ്രഭാകരൻ പഴശ്ശി.

ബ്രെഹ്റ്റിന്റെ മനോഹരമായ ഒരു കൊച്ചുകാവ്യമുണ്ട് The Solution എന്ന പേരിൽ.

After the uprising of the 17th June
The Secretary of the Writer's Union
Had leaflets distributed in the Stalinallee
Stating that the people
Had forfeited the confidence of the government
And could win it back only
By redoubled efforts would it not be easier
In that case for the government
To dissolve the people
And elect another?

(Poem 1913–1956, Radhakrishna Publications, Pages 440. Rs. 110/-)

നാട്ടിൽ ബഹളമുണ്ടായപ്പോൾ ജനങ്ങൾക്കു സർക്കാരിലുള്ള വിശ്വാസം പോയിയെന്ന് കാണിച്ച് റൈറ്റേഴ്സ് യൂണിയന്റെ സെക്രട്ടറി ലഘുലേഖകൾ വിതരണം ചെയ്തു. നന്നായി ശ്രമിച്ചാലേ ആ വിശ്വാസം നേടാൻ പറ്റൂ. ബ്രഹ്റ്റ് അതറിഞ്ഞു ചോദിക്കുകയാണ്: "സർക്കാരിന് ആളുകളെ പിരിച്ചുവിട്ടിട്ട് പുതിയ ജനങ്ങളെ തിരഞ്ഞെടുക്കുന്നതല്ലേ എളുപ്പമായത്?"

ബേബി ജോർജ്, രാകാട്ട് ജനയുഗം വാരികയിലെഴുതിയ 'വിശ്രമകേന്ദ്രത്തിൽ വന്ന യുവതികൾ' എന്ന ചെറുകഥ വായിച്ചപ്പോൾ ഞാൻ ബ്രെഹ്റ്റിന്റെ കാവ്യം ഓർമ്മിച്ചുപോയി. സമ്പന്നനായ യുവാവ് ഓരോ തവണയും ഓരോ സുന്ദരിയെ വിശ്രമകേന്ദ്രത്തിൽ കൊണ്ടുവരുന്നു. അവളുമായി രാത്രി കഴിഞ്ഞുകൂടുന്നു. അയാൾക്കു വേണ്ട ഒത്താശകൾ കേന്ദ്രത്തിലെ വൃദ്ധൻ ചെയ്തുകൊടുക്കുന്നു. ഒരു ദിവസം ചെറുപ്പക്കാരൻ അവിടെ എത്തിയത് വൃദ്ധന്റെ മകളുമായിട്ടാണ്. അയാൾ ആ വ്യഭിചാരിയെ വെടിവച്ചു കൊല്ലുന്നു. ജീവിതത്തോട് ഒരു ബന്ധവുമില്ലാത്ത ഇത്തരം അധമങ്ങളായ കഥകൾ വായനക്കാരെ അടിച്ചേല്പിക്കുന്നതിനെക്കാൾ നല്ലത് കഥാകാരൻ അവരെ അങ്ങു വെടിവച്ചു കൊല്ലുകയാണ്.

സമരേശ് ബോസ്

സമരേശ് ബോസ്

ഷെല്ലി ഗുരുവായിക്കരുതിയ ഗോഡ്വിൻ മനുഷ്യന്റെ പ്രവർത്തനങ്ങളെ ഉപകാരപ്രദങ്ങളെന്നും ഉപദ്രവകരങ്ങളെന്നും വിഭജിച്ചിട്ടുണ്ട്. കരുതിക്കൂട്ടി ഉപകാരപ്രദങ്ങളായവരെ സൃഷ്ടിക്കുമ്പോൾ ജനിക്കുന്നതു നന്മ. കരുതിക്കൂട്ടി ഉപദ്രവമുണ്ടാക്കുമ്പോൾ ഉളവാകുന്നതു തിന്മ. മനഃപൂർവമല്ലാതെ തിന്മയുണ്ടാക്കുമ്പോൾ അതിനെ ഉപേക്ഷയെന്നോ അശ്രദ്ധയെന്നോ വിളിക്കാം. കരുതിക്കൂട്ടി ഉപദ്രവമുണ്ടാക്കി തിന്മ സൃഷ്ടിക്കുന്നതിൽ തൽപരരാണ് ഭാരതത്തിലെ ഇന്നത്തെ ജനങ്ങൾ. അതു തിന്മയാണെന്നും അതൊഴിവാക്കിയില്ലെങ്കിൽ നാടു നശിക്കുമെന്നും ഉദ്ബോധിപ്പിക്കുന്ന ചില സാഹിത്യകാരന്മാർ നമുക്കുണ്ട്. അവരിൽ പ്രധാനൻ സമരേശ് ബോസാണ്. അദ്ദേഹത്തിന്റെ ഒരു നല്ല കഥ മലയാളത്തിലേക്കാക്കി സത്യാർത്ഥി ജനയുഗം വിശേഷാൽപ്രതിയിൽ പരസ്യപ്പെടുത്തിയിരിക്കുന്നു. ഹിന്ദു–മുസ്ലീം ലഹള നടക്കുമ്പോൾ ഒരു ഹിന്ദുവും ഒരു മുസ്ലിമും സൗഹൃദബന്ധം സ്ഥാപിക്കുന്നതും ഹിന്ദുവിന്റെ ജീവന് ഉറപ്പുവരുത്തിയിട്ടു മുസ്ലിം പോകുമ്പോൾ അയാൾ (മുസ്ലീം) പൊലീസിന്റെ വെടിയേറ്റ് മരിക്കുന്നതിന്റേയും ചിത്രം സമരേശ്ബോസ് വിദഗ്ധമായി വരച്ചിട്ടുണ്ട് ഇക്കഥയിൽ. സമരേശ് ബോസ് പ്രതിഭാശാലിയാണെന്നു നിരൂപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയിരിക്കാം. പക്ഷേ, ഈ വിഷയംതന്നെ ലളിതാംബികാ അന്തർജ്ജനം കഥയായി ആവിഷ്കരിച്ചിട്ടുണ്ട്. മാപ്പിള ലഹളക്കാലത്ത് ഒരു മുസ്ലിം ഒരു നമ്പൂതിരിയെ രക്ഷിക്കുന്ന കഥ. അതിന്റെ അടുത്തെങ്ങും സമരേശ് ബോസിന്റെ കഥ വരില്ല.

ഇരുപതു വയസ്സുള്ളപ്പോൾ സുന്ദരനല്ലാത്തവൻ, മുപ്പതു വയസ്സിൽ ശക്തനല്ലാത്തവൻ, നാല്പതു വയസ്സിൽ സമ്പന്നനല്ലാത്തവൻ, അമ്പതു വയസ്സിൽ ജ്ഞാനിയല്ലാത്തവൻ ഒരിക്കലും സുന്ദരനാവുകയില്ല, ശക്തനാവുകയില്ല, സമ്പന്നനാവുകയില്ല, ജ്ഞാനിയാവുകയില്ല എന്ന് കവി ജോർജ്ജ് ഹെർബർട്ട് പറഞ്ഞു. ചങ്ങമ്പുഴയ്ക്ക് ഇരുപതുവയസ്സുണ്ടായിരുന്നപ്പോൾ അദ്ദേഹം അത്ര സുന്ദരനൊന്നുമല്ലായിരുന്നു. പില്ക്കാലത്താണ് അദ്ദേഹത്തിന് ആകൃതി സൗഭഗമുണ്ടായത്. എൻ. കൃഷ്ണപിള്ളയ്ക്ക് മുപ്പതുവയസ്സായിരുന്ന കാലത്ത് അദ്ദേഹം പി. കെ. വിക്രമൻനായരുടെ കൂടെ എന്റെ വീട്ടിൽ വന്നിട്ടുണ്ട്. ദുർബ്ബലനായിരുന്നു കൃഷ്ണപിള്ള. പിന്നീട് അദ്ദേഹം ശാന്തനായി. നാല്പതു വയസ്സുള്ളപ്പോൾ, എന്റെ കൈയിൽനിന്ന് അഞ്ചുരൂപ കടംമേടിച്ച ഒരാൾ ഇന്നു കോടീശ്വരനാണ് (പേരു പറയുന്നതു ശരിയല്ല). അമ്പതു വയസ്സുള്ളപ്പോൾ ഒന്നമറിഞ്ഞുകൂടെന്നു വിദ്യാർത്ഥികളായ ഞങ്ങൾ കരുതിയ ഒരാൾ പെൻഷൻ പറ്റാറായപ്പോൾ ജ്ഞാനിയായി. ഇന്ന് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ എം. എ. ക്ലാസിലെ കുട്ടികൾ പഠിക്കുന്നു. ഹെർബർട്ടിന്റെ സാമാന്യവൽക്കരണം തെറ്റ്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.